**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2292** **09-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളിൽ ഓൺലൈൻ സേവനങ്ങളുടെ സീനിയോരിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്ഥാപനങ്ങളിൽ ജനങ്ങൾ ഓൺലൈനിൽ സമർപ്പിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ സീനിയോറിറ്റി മുഖേന അല്ലാതെ എടുത്ത് തീർപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഓൺലൈൻ സേവനങ്ങളും അല്ലാത്തവയും സീനിയോറിറ്റി പ്രകാരം മാത്രം തീർപ്പാക്കാൻ സോഫ്റ്റ് വെയറിലും മറ്റും ക്രമീകരണം ഏർപ്പെടുത്തി മികച്ച സേവനം ജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ബി) | തദ്ദേശ സ്ഥാപനങ്ങളിൽ ജനങ്ങൾ ഓൺലൈനിൽ സമർപ്പിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ സീനിയോറിറ്റി മുഖേന അല്ലാതെ എടുത്ത് തീർപ്പാക്കുന്നത് മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം സോഫ്റ്റ് വെയറിൽ നൽകിയിട്ടുണ്ട്. ILGMS സോഫ്റ്റ് വെയറിലൂടെ നൽകുന്ന എല്ലാ സേവനങ്ങൾക്കും അർഹമായ മുൻഗണന ഉറപ്പാക്കുവാൻ FIFO ( First in First Out) ലോജിക്ക് നടപ്പാക്കുന്നതിന് സോഫ്റ്റ് വെയർ പരിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ